DESPATCHED On. 6/3/23.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**AP.No.2123 (1)/2022/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**
**File No. 10261/SIC-G4/2022)**
(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

**സന്നിഹിതൻ**
**ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2023 മാർച്ച് 1**

Shri. T.L. Ananthanarayanan,
Secretary, Palakkad Public Cause Foundation,
Thrithamara Village, Paruthipully P.O.,
Alathur Taluk, Palakkad – 678 573.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്ഷൻ ഓഫീസർ,
സംസ്ഥാന വിവരാവകാശ കമ്മീഷൻ,
തിരുവനന്തപുരം -695 001.

2. അപ്പീൽ അധികാരി &
ജോയിന്റ് സെക്രട്ടറി
സംസ്ഥാന വിവരാവകാശ കമ്മീഷൻ
പുന്നൻ റോഡ്, തിരുവനന്തപുരം -695 001.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 05/02/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/03/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 09/03/2022, 04/04/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 31/03/2022, 26/04/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 16/06/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 04/07/2022 |

## ഉത്തരവ്

ശ്രീ. റ്റി.എൽ. അനന്തനാരായണൻ സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചത്, കമ്മീഷനിൽ നിന്നും ടിയാന്റെ വിവരാവകാശ അപേക്ഷയിലെ ചില പിരിവുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്ന മറുപടി നൽകിയെന്നും, ചില പിരിവുകൾക്ക് വിവരം കമ്മീഷൻ വെബ്സൈറ്റിൽ ലഭ്യമാണ് എന്ന മറുപടി നൽകി എന്നുമാണ്.

RIGHT TO INFORMATION

ഹർജിക്കാരൻ ടിയാന്റെ 27/01/2022 തീയതി വച്ച് എതിർകക്ഷി ഓഫീസ് 05/01/2022 ന് ലഭ്യമായ 30 ചോദ്യങ്ങൾ അടങ്ങുന്ന വിവരാവകാശ അപേക്ഷയ്ക്ക് 04/03/2022 നാണ് മറുപടി നൽകിയത് എന്നും, ടി മറുപടിയിൽ ചില ചോദ്യങ്ങൾക്ക് കമ്മീഷനിൽ നേരിട്ട് ഹാജരാകാനും, ടി വിവരങ്ങൾ ക്രോഡീകരിച്ചിട്ടുള്ളവയല്ലയെന്നും, ചില വിവരങ്ങൾ എതിർകക്ഷി ഓഫീസിന്റെ വെബ്സൈറ്റിൽ ലഭ്യമാണെന്ന മറുപടി നൽകിയെന്നും, സമയബന്ധിതമായി രേഖകൾ നൽകാത്തതിനാൽ ടി രേഖകൾ സൗജന്യമായി ഹർജിക്കാരന് ലഭ്യമാക്കാനുള്ള അനന്തരനടപടി കൈകൊള്ളണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

മേൽ വിവരാവകാശ അപേക്ഷയിൽ ഒന്നാം കക്ഷി നൽകിയ മറുപടിയിൽ തൃപ്തനാകാതെ രണ്ടാം എതിർകക്ഷിയ്ക്ക് മുമ്പാകെ 09/03/2022 നും, 04/04/2022 നും ഒന്നാം അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീലുകളിൽ 31/03/2022 ലും, 26/04/2022 ലും ഒന്നാം അപ്പീൽ തീർപ്പാക്കിയിട്ടുള്ളതുമാണ്. 09/03/2022 നു ലഭ്യമായ ഒന്നാം അപ്പീലിൽ ഒന്നാം അപ്പീൽ അധികാരി അപേക്ഷകനെ ടി ഒന്നാം അപ്പീൽ പരിശോധിക്കുന്നവേളയിൽ ടെലിഫോണിൽ ബന്ധപ്പെടുകയും അപ്പീലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. 05/03/2022 – തീയതി അപേക്ഷയ്ക്ക് മുപടി ലഭ്യമാക്കത്തതിനാലാണ് അപ്പീൽ സമർപ്പിച്ചതെന്നും മറുപടി 12.03.2022 ന് ലഭിച്ചുവെന്നും ആയതിൽ ആവശ്യപ്പെട്ട രണ്ടു മൂന്ന് വിവരങ്ങൾ വീണ്ടും ആവശ്യപ്പെടുന്നുവെന്നും, അപ്പീൽ അപേക്ഷ തീർപ്പാക്കണമെന്നും അറിയിച്ച സാഹചര്യത്തിൽ ടി അപ്പീൽ അപേക്ഷയിന്മേൽ തുടർനടപടി ആവശ്യമില്ലായെന്നുകണ്ട് തീർപ്പാക്കി ഉത്തരവായെങ്കിലും ടിയാൻ വീണ്ടും 04/04/2022 ന് സമർപ്പിച്ച ഒന്നാം അപ്പീലിൽ ആവശ്യപ്പെട്ടിരിക്കുന്നവയിൽ ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളവ ശരിവച്ചും കമ്മീഷനിൽ ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ശേഖരിക്കാവുന്നതാണെന്ന് മറുപടി നൽകിയവ അപേക്ഷകന് വെബ്സൈറ്റിൽ നിന്നും ശേഖരിക്കാവുന്നതാണ് എന്നും, വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളവ, വീണ്ടു നൽകുന്നതി വഴി കമ്മീഷന്റെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിക്കുകയും അതുമൂലം കമ്മീഷൻ പൊതുജനത്തിനുനൽകുന്ന സേവനത്തിന് കാലതാമസം വരാൻ ഇടയാക്കുകയും ചെയ്യും എന്നും, ഇവ കൂടാതെ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തവ ഉചിതമായ സമയം മുൻകൂട്ടി അറിയിച്ച് ഹർജിക്കാരന് കമ്മീഷനിലെത്തി നേരിട്ട് പരിശോധിച്ച് ആവശ്യമായ വിവരങ്ങൾ കൈപ്പറ്റുന്നതിന് അവസരം നൽകാൻ എസ്.പി.ഐ.ഒ യെ നിർദ്ദേശിച്ചിട്ടുണ്ട് എന്നും, അപേക്ഷകനോട് പകർപ്പുകൾക്ക് ഫീസടയ്ക്കാനായി ആവശ്യപ്പെട്ട

രേഖകൾ സാക്ഷ്യപ്പെടുത്തി സൗജന്യമായി ഹർജിക്കാരന് നൽകുവാൻ എസ്.പി. ഐ.ഒ. നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് ഒന്നാം അപ്പീൽ അപേക്ഷ ഇപ്രകാരം തീർപ്പാക്കിയിരുന്നു.

മേൽ ഹർജിയും മറ്റുരേഖകളും ചേർത്ത് പരിശോധിക്കുമ്പോൾ ഒന്നാം അപ്പീൽ അധികാരിയുടെ 26/04/2022 ലെ ഒന്നാം അപ്പീൽ തീർപ്പിൽ ബോധിപ്പിച്ചിരിക്കുന്ന വസ്തുതകൾ അംഗീകരിക്കത്തക്കതാണ്. മാത്രമല്ല എസ്.പി. ഐ.ഒ. ഒന്നാം അപ്പീലിനെതുടർന്ന് പകർപ്പുകൾ സൗജന്യമായി നൽകിയതായും കാണുന്നു. എന്നാൽ വിവരാവകാശ അപേക്ഷകളിൽ മറുപടി നൽകുന്നതിന് 30 ദിവസത്തോളം സമയമെടുക്കുന്നതുമൂലം അപേക്ഷകർക്ക് വിവരങ്ങൾ ലഭ്യമാക്കാൻ കാലതാമസം നേരിടുന്നതും ആയതിൻപ്രകാരം രേഖകൾ സൗജന്യമായി നൽകേണ്ടി വരുന്നതും സർക്കാരിന് സാമ്പത്തികമായി ബുദ്ധിമുട്ടുണ്ടാക്കുന്നു. മേൽ സാഹചര്യത്തിൽ ടി പ്രവണത ആവർത്തിക്കരുതെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് താക്കീത് നൽകി ഈ ഹർജിയിൽ മറ്റുനടപടികൾ ആവശ്യമില്ല എന്നു വിലയിരുത്തി ഈ ഹർജി തീർപ്പാക്കികൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2023 മാർച്ച് 1-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ഡോ.വിശ്വാസ് മേത്ത**
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMATION